# മടവൂർ വിഭാഗം 2006 ൽ ആവിഷ്കരിച്ച പുതിയ തൗഹീദ് - പ്രാർഥനയും സഹായം ആവശ്യപ്പെടലും

സിഹ്റ് ചെയ്യുന്ന ആളെയും ജോത്സ്യന്മാരെയും പിശാച് സഹായിക്കാൻ സാധ്യതയുണ്ട് എന്ന് എഴുതിയിരുന്ന മുൻകാല മുജാഹിദ് പണ്ഡിതരെയും, മടവൂർ മുജാഹിദിലെ ''ചെറിയമുണ്ടം'' വിഭാഗം പണ്ഡിതരെയും മുശ്രിക്കായി ചിത്രീകരിക്കാൻ വേണ്ടി, മടവൂർ മുജാഹിദിലെ ''സലാം സുല്ലമി'' വിഭാഗം പണ്ഡിതർ 2006 ൽ ആവിഷ്കരിച്ച പുതിയ തൗഹീദ് നിർവചനമാണ് എന്റെ കഴിഞ്ഞ ലേഖനത്തിൽ വിശദീകരിച്ചത്. സിഹ്റ് ചെയ്യുന്ന ആളെയും ജോത്സ്യന്മാരെയും പിശാച് സഹായിക്കാൻ സാധ്യതയുണ്ട് എന്ന് വിശ്വാസിച്ചാൽ തന്നെ ''അയാളുടെ വിശ്വാസത്തിൽ ശിർക്ക് വന്നു'' എന്ന് 2006 നു മുമ്പ് ഏത് മുജാഹിദ് പണ്ഡിതനാണ് എഴുതിയിട്ടുള്ളത് എന്ന ചോദ്യത്തിന് ആരും മറുപടി എഴുതിക്കണ്ടില്ല.

മുജാഹിദ് പണ്ഡിതരിൽ ശിർക്കൻ വിശ്വാസമുണ്ട് എന്ന് തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി, ജനാബ് സലാം സുല്ലമി ശബാബിൽ തുടർച്ചയായി ലേഖനം എഴുതിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ലേഖനങ്ങളിൽ അദ്ദേഹം നടത്തി വരുന്ന കൈക്രിയകളും വഞ്ചനകളും വിശദീകരിക്കാനാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

## 1. പ്രാർഥിച്ചാൽ ഉത്തരം നൽകാൻ കഴിവുള്ളവൻ അല്ലാഹു മാത്രം

അല്ലാഹുവോട് മാത്രമേ ദുആ ചെയ്യാവൂ എന്നതും, പ്രാർഥനക്കുത്തരം നൽകാൻ അവന്ന് മാത്രമേ കഴിയുകയുള്ളൂ എന്നതും ഇസ്‌ലാമിൽ തർക്കമില്ലാത്ത കാര്യമാണ്. ക്വുർആനിൽ അല്ലാഹു പറയുന്നു: ''നിങ്ങൾ അവരോടു പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉഴിർത്തെഴുന്നേൽപിന്റെ നാളിലാവട്ടെ, നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്.'' (ഫാത്വിർ.14). ധാരാളം ആയത്തുകളിലൂടെ അല്ലാഹു ഈ കാര്യം പ്രഖ്യാപിക്കുന്നുണ്ട്.

## 2. മന്ത്രവാദികളെ പിശാചുക്കൾ സഹായിക്കാൻ സാധ്യതയുണ്ട് എന്ന് മടവൂർ വിഭാഗം പണ്ഡിതർ

ജോത്സ്യൻമാരെ അവർ പൂജിക്കുന്ന പിശാചുക്കൾ സഹായിച്ചേക്കാം എന്ന് മുൻകാല മുജാഹിദ് നേതാക്കളായ അമാനി മൗലവി (റ), ഡോ: ഉസ്മാൻ (റ) എന്നിവർ എഴുതിയത് കഴിഞ്ഞ ലേഖനത്തിൽ നമ്മൾ കണ്ടു. ഇതേ ആശയമുള്ള ധാരാളം ലേഖനങ്ങൾ, 2006 ൽ സലാം സുല്ലമി പുതിയ തൗഹീദ് നിർവചനം ആവിഷ്കരിക്കുന്നതിന് മുമ്പ് ശബാബിലും മടവൂർ വിഭാഗത്തിന്റെ പുസ്തകങ്ങളിലും വന്നിരുന്നു. ഒരു ഉദാഹരണം കാണുക.

മടവൂർ വിഭാഗം തങ്ങളുടെ ക്വുർആൻ പഠിതാക്കൾക്ക് വിതരണം ചെയ്യാനായി തയ്യാറാക്കിയ ''ക്വുർആനിലെ ജാലകം'' എന്ന പുസ്തകത്തിൽ (പേജ് 51) ചില ജിന്നു പിശാചുക്കൾ അവന്റെ മിത്രങ്ങളായ മനുഷ്യർക്ക് ചെയ്ത് കൊടുക്കുന്ന സഹായത്തെ പറ്റിയെഴുതുന്നു. ''ഇനി വളരെ വ്യക്തമായി ഒരശരീരിയുടെ മന്ത്രം ശ്രവിച്ച് എഴുതുന്ന മഹാകവികളും സാഹിത്യകാരന്മാരും ഉണ്ട്. ചിലർക്ക് കേട്ടെഴുത്ത് കൊടുക്കുന്നത് പോലെ ഉച്ചത്തിൽ പറഞ്ഞ് കൊടുത്ത് എഴുതിപ്പിക്കുന്ന അദൃശ്യമായ മിത്രങ്ങളുണ്ടായിരിക്കും. ...... അങ്ങിനെ പല നിലവാരത്തിലും മനുഷ്യനും ജിന്നുകളും തമ്മിൽ സന്ദേശങ്ങൾ അറിയിച്ച് കൊണ്ട് സാഹിത്യ നിർമ്മാണം നടത്തുന്നുണ്ടെന്നുള്ളത് ഒരു **യാഥാർഥ്യമാണ്**''.

## 3. മന്ത്രവാദികൾ പിശാചുക്കളുടെ ''സഹായം ആവശ്യപ്പെടുകയാണ്'' അവരോട് ''പ്രാർഥിക്കുന്നില്ല''.

പ്രാർഥിച്ചാൽ ഉത്തരം നൽകാൻ, അഥവാ സഹായിക്കാൻ പിശാചിന്ന് കഴിയില്ല എന്ന് ക്വുർആൻ വ്യക്തമാക്കുന്നു. പിശാചുക്കൾ മനുഷ്യരെ സഹായിക്കാറുണ്ട് എന്ന് ശബാബിലും, അമാനി മൗലവിയുടെ ക്വുർആൻ പരിഭാഷയിലും നാം കണ്ടുന്നു. ഈ രണ്ട് വസ്തുതകളും എങ്ങിനെയാണു വ്യാഖ്യാനിക്കേണ്ടത്?. ജ്യോത്സ്യൻമാർ പിശാചുക്കളോട് അവരുടെ സഹായം ആവശ്യപ്പെടുന്നു എന്നേ പറയാവൂ, പ്രാർഥനയല്ല അത് എന്നാണ് ഇതിനെ മുജാഹിദുകൾ വിശദീകരിച്ചിട്ടുള്ളത്. അഥവാ, പിശാച് എന്ന സൃഷ്ടിക്ക് ജോത്സ്യന്മാരെ സഹായിക്കാൻ പ്രകൃത്യാ നൽകപ്പെട്ട കഴിവ് ഉണ്ട് എങ്കിൽ, ആ സൃഷ്ടിയുടെ കഴിവിൽപെട്ട കാര്യങ്ങളിൽ ജോത്സ്യന്മാർ പിശാചുക്കളോട് സഹായം ആവശ്യപ്പെട്ടാൽ, അതിനെ ''പ്രാർഥന'' എന്ന് പറയാൻ പാടില്ല. ഇനി ഒരാൾ അതിനെ ''പ്രാർഥന'' എന്ന് തന്നെ പറയുകയാണെങ്കിൽ, ജോത്സ്യൻമാർക്ക് സഹായം കിട്ടുന്നില്ല എന്ന് കൂടി അയാൾ വിശ്വസിക്കണം. കാരണം പ്രാർഥിച്ചാൽ ഉത്തരം നൽകാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണ്.

ഇത് അൽപം കൂടി വിശദീകരിക്കാം. വിശുദ്ധ ക്വുർആൻ പരിഭാഷ എഴുതിയ അമാനി മൗലവി (റ) എഴുതുന്നു: ''അത്തരക്കാരെ സമീപിക്കുന്ന പാമരൻമാർക്കൊ, പ്രസ്തുത വൈതാളികൻമാർക്കൊ കണ്ടറിയാൻ കഴിഞ്ഞിട്ടില്ലാത്ത ഏതെങ്കിലും വാർത്തകൾ പിശാച് കണ്ടറിയും. പല വ്യാജ മന്ത്രങ്ങളുടെ കൂട്ടത്തിൽ ആ വ്യാജ വാർത്തയും അവൻ അവർക്ക് ദുർബോധനം ചെയ്കയും ചെയ്തേക്കുന്നതാണ്. അതുകൊണ്ടാണു ഹദീസിൽ സൂചിപ്പിച്ച പ്രകാരം ഏതോ ചില കാര്യങ്ങൾ പ്രശ്നക്കാർ പറയുന്നത് ഒത്തുവരുന്നത് ''. (വിശുദ്ധ ക്വുർആൻ വിവരണം. 3/2347). മർഹൂം അമാനി മൗലവി (റ) യുടെ ഈ അഭിപ്രായത്തെ മൂന്ന് തരത്തിൽ വ്യാഖ്യാനിക്കാമെന്ന് തോന്നുന്നു.

1. മടവൂർ മുജാഹിദിലെ സുല്ലമി വിഭാഗം 2006 ൽ ആവിഷ്കരിച്ച പുതിയ തൗഹീദ് നിർവചനമനുസരിച്ച്, ''മനുഷ്യൻ ഉദ്ദേശിക്കുമ്പോൾ പഞ്ചേന്ദ്രിയങ്ങൾക്ക് അപ്പുറമുള്ള സഹായം ചെയ്യാൻ പിശാചുക്കൾക്ക് കഴിയും'' എന്ന് വിശ്വസിച്ചത് കൊണ്ട് അമാനി മൗലവി (റ) യുടെ ''വിശ്വാസത്തിൽ ശിർക്ക് വന്നു''. (നഊദു ബില്ലാഹ്)

2. സലാം സുല്ലമിയുടെ 2005 വരെയുള്ള വാദമനുസരിച്ചാണെങ്കിൽ, പിശാചുക്കൾക്ക് പ്രശ്നക്കാരെ സഹായിക്കാനുള്ള കഴിവില്ല. അമാനി മൗലവി (റ) ''ക്വുർആനും ഹദീസും ശരിക്ക് വായിച്ച് പഠിക്കാത്തത്'' കൊണ്ട് പറ്റിയ അബദ്ധമാണിത്. (അല്ലാഹു അമാനി മൗലവിക്ക് പൊറുത്ത് കൊടുക്കട്ടേ എന്ന് സലാം സുല്ലമി പ്രാർഥിക്കുകയും ചെയ്തേക്കാം)

3. മുജാഹിദുകൾ ഇതിനെ വിശദീകരിച്ചിരുന്നത് ഇങ്ങിനെയാണു: പിശാചുക്കൾക്ക് അപൂർവ്വം ചില കാര്യങ്ങൾ പ്രശ്നക്കാർക്ക് എത്തിച്ച് കൊടുക്കാനുള്ള കഴിവ് പ്രകൃത്യാ നൽകപ്പെട്ടിട്ടുണ്ടാവാം. ഈ സഹായം ആവശ്യപ്പെടുന്നതിനെ പ്രാർഥന എന്ന് പറയാൻ പാടില്ല. കാരണം പ്രാർഥിച്ചാൽ ഉത്തരം നൽകാൻ അല്ലാഹുവിന് മാത്രമേ കഴിയൂ. അഥവാ, പിശാച് എന്ന സൃഷ്ടിക്ക് പ്രകൃത്യാ നൽകപ്പെട്ട കഴിവിൽ നിന്നും ആവശ്യപ്പെടുന്നത് കൊണ്ട് ഇതിനെ പ്രാർഥന എന്ന് വിളിക്കരുത്. കാരണം ''സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണു പ്രാർഥന'' (ശബാബ് 1999, മടവൂർ വിഭാഗം ഇപ്പോഴും വിൽപന നടത്തുന്ന പുസ്തകങ്ങളായ നിത്യ ജീവിതത്തിലെ ഇസ്ലാമിക നിയമങ്ങൾ സംശയവും മറുപടിയും (പേജു 36), പ്രാർഥന, തൗഹീദ് ചോദ്യങ്ങൾക്ക് മറുപടി (പേജ് 102), ''അല്ലാഹുവിന്റെ അടിമകളെ വിളിച്ച് തേടാമോ'' എന്ന ചോദ്യോത്തരം)

4. ''മനുഷ്യ കഴിവിന്നതീതമായ'' കാര്യങ്ങളിൽ ''മനുഷ്യരോട്'' സഹായാർഥന നടത്തുന്നത് പ്രാർഥനയാണ്.

മരിച്ച് പോയ അമ്പിയ ഔലിയാക്കളോട് വിളിച്ച് സഹായം തേടാം എന്ന് വിശ്വസിക്കുന്ന ഒരു വലിയ വിഭാഗം മുസ്ലീങ്ങൾ കേരളത്തിലുണ്ട്. ഇവർ മലക്കിനോടോ, ജിന്നിനോടോ സഹായം തേടാം എന്ന് വിശ്വസിക്കുകയോ, പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല. അത് കൊണ്ട് തന്നെ, മുജാഹിദ് പണ്ഡിതരുടെ ലേഖനങ്ങളിലും മദ്രസാ പാഠപുസ്തകത്തിലും പ്രാർഥനയും ശിർക്കും വിശദീകരിക്കുന്നേടത്ത്, ''മനുഷ്യ കഴിവിന്നതീതമായ കാര്യങ്ങളിൽ സഹായാർഥന നടത്തുന്നതാണ് പ്രാർഥനയെന്നും, അത് ശിർക്കാണ് എന്നുമാണ് കാണുക. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ''മനുഷ്യ കഴിവിന്നതീതമായ കാര്യങ്ങളിൽ ജീവിച്ചിരിക്കുന്നവരോടോ മരിച്ചവരോടോ സഹായാർഥന നടത്തുന്നത് ശിർക്കാണ്''. (കെ. കുഞ്ഞീതു മദനി, അല്ലാഹുവിന്റെ ഔലിയാക്കൾ, പേജ് 102)

2. ''മനുഷ്യകഴിവിന്നപ്പുറമുള്ള മാർഗങ്ങളിൽ കൂടി രക്ഷയും ശിക്ഷയും ഗുണവും ദോഷവും ചെയ്യാൻ കഴിയുന്നത് ആർക്കാണോ അവനോടുള്ള അപേക്ഷക്കാണു പ്രാർഥന എന്ന് പറയുന്നത്''. (ഇസ്ലാമിക വിശ്വാസ പാഠങ്ങൾ, നാലാം തരം, കെ എൻ എം വിദ്യാഭ്യാസ ബോർഡ്, പേജ് 32)

ഇവിടെയെല്ലാം പ്രാർഥിക്കപ്പെടുന്നത് മനുഷ്യൻ എന്ന സൃഷ്ടിയോടാണ്. അത് കൊണ്ട് തന്നെ മനുഷ്യ കഴിവിന്നതീതമായ നിലയിൽ അവർക്ക് സഹായിക്കാൻ കഴിയും എന്ന് വിശ്വസിക്കുന്നത് ശിർക്കാണ് എന്നും, ''മനുഷ്യ കഴിവിന്നതീതമായ'' കാര്യങ്ങളിൽ ജീവിച്ചിരിക്കുന്നവരോടോ മരിച്ചവരോടോ സഹായാർഥന നടത്തുന്നത് പ്രാർഥനയാണെന്നും തന്നെയാണ് ഇവിടെയെല്ലാം വിശദീകരിക്കേണ്ടത്.

5. ചിലപ്പോൾ ''സൃഷ്ടികളുടെ കഴിവിന്നതീതം'' എന്ന് പ്രാർഥനയുടെ വിശദീകരണത്തിൽ എഴുതേണ്ടി വരും

അപൂർവ്വം സന്ദർഭങ്ങളിൽ, ''സൃഷ്ടികളുടെ കഴിവിന്നതീതം'' എന്ന് പ്രാർഥനയുടെ വിശദീകരണത്തിൽ എഴുതേണ്ടി വരാറുണ്ട്. രണ്ട് സന്ദർഭങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രശ്നക്കാർക്കും സിഹ്റ് ചെയ്യുന്നവർക്കും പിശാചിന്റെ സഹായം കിട്ടുന്നുണ്ട്

പ്രശ്നക്കാരെ പിശാചുക്കൾ സഹായിച്ചേക്കാം എന്ന് വാദിക്കുന്നവർക്കും, സിഹ്റിൽ യാഥാർഥ്യമുണ്ടെന്ന് വിശ്വസിക്കുന്നവർക്കും പ്രാർഥനയുടെ നിർവചനത്തിൽ സൃഷ്ടികളുടെ കഴിവുകൾക്ക് അതീതമായ സഹായം ആവശ്യപ്പെടലാണു പ്രാർഥന എന്ന് എഴുതേണ്ടി വരും. കാരണം ഇത് രണ്ടിലും, ആവശ്യപ്പെടുമ്പോൾ പിശാചുക്കൾ ജോത്സ്യൻമാരെ സഹായിക്കാൻ സാധ്യതയുണ്ട്. (പ്രാർഥിച്ചതാണെങ്കിൽ ഉത്തരം നൽകാൻ അവർക്ക് കഴിയുമായിരുന്നില്ല). അഥവാ, പിശാച് എന്ന സൃഷ്ടിക്ക് അവരെ പൂജിക്കുന്ന ജോത്സ്യന്മാരെ സഹായിക്കാനുള്ള കഴിവിനെ ഒഴിവാക്കി മാത്രമേ, പ്രാർഥനയെ വിശദീകരിക്കാവൂ.

''സൃഷ്ടികളോട് പ്രാർഥിക്കൽ ശിർക്കാണെന്ന കാര്യത്തിൽ മുജാഹിദുകൾക്ക് അന്നും ഇന്നും യാതൊരു സംശയവുമില്ല. അത് മലക്കാവട്ടെ, ജിന്നവട്ടെ, നബിയാകട്ടെ, വലിയ്യാകട്ടെ''. (ഇസ്ലാഹ് ആഗസ്റ്റ് 08, പേജ് 22). എന്നാൽ പിശാചുക്കളുടെ സഹായം ജോത്സ്യന്മാർക്ക് ലഭിക്കാൻ സാധ്യതയുള്ള സിഹ്റ്, പ്രശ്നം വെച്ച് പറയൽ തുടങ്ങിയ സന്ദർഭങ്ങളിൽ, പ്രാർഥനയുടെ പരിധിയിൽ നിന്നും ഈ സഹായങ്ങളെ ഒഴിവാക്കേണ്ടി വരുന്നു. കാരണം പ്രാർഥിച്ചാൽ സഹായം ലഭിക്കാൻ ഒരു സാധ്യതയുമില്ല. എന്നാൽ, ജോത്സ്യന്മാർക്ക് ചിലപ്പോഴൊക്കെ പിശാചുക്കളുടെ സഹായം ലഭിക്കുന്നുണ്ട് എന്ന് മുൻകാല മുജാഹിദ് നേതാക്കളും ശബാബും എഴുതുകയും ചെയ്യുന്നു.

2. ''അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ'' എന്ന ഹദീസ്

പ്രവാചകന്മാർക്ക് മലക്കുകളുടെയും ജിന്നുകളുടെയും സഹായം കിട്ടിയതായി വ്യക്തമാക്കുന്ന ആയത്തുകളെയും ഹദീസുകളെയും പ്രാർഥനയുടെ നിർവചനത്തിൽ അവ്യക്തതയുണ്ടാക്കാൻ വേണ്ടി സുന്നി പണ്ഡിതർ ചിലപ്പോൾ ഉദ്ദരിക്കാറുണ്ട്. പ്രവാചകന്മാർക്ക് അല്ലാഹു നൽകുന്ന മുഅ്ജിസത്തിൽ പെട്ടതാണ് ഈ സഹായങ്ങളെല്ലാം എന്നാണ് ഇതിന്ന് മുജാഹിദുകൾ നൽകുന്ന മറുപടി.

എന്നാൽ, മഹാത്മാക്കളെ വിളിച്ച് തേടുന്നതിനെ ന്യായീകരിക്കാനായി ''അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ'' എന്നത് പോലെയുള്ള ഹദീസുകൾ ചിലപ്പോൾ സുന്നി പണ്ഡിതർ ഉദ്ദരിക്കാറുണ്ട്. എന്നിട്ട് അവർ മുജാഹിദുകളോട് ചോദിക്കും: ഈ ഹദീസ് റിപ്പോർട്ട് ചെയ്ത സ്വഹാബികൾക്കും മഹാപണ്ഡിതരായ ആളുകൾക്കും തൗഹീദ് മനസ്സിലായില്ലേ, അവർ ശിർക്ക് പ്രചരിപ്പിച്ചതായിരുന്നോ എന്ന്.?. ശബാബ് എഴുതിയതും, മടവൂർ വിഭാഗം ഇപ്പോഴും വിൽപന നടത്തിക്കൊണ്ടിരിക്കുന്ന പുസ്തകങ്ങളിലുള്ളതുമായ ''സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണ് പ്രാർഥന'' എന്ന മറുപടിയാണ് ഇവരോട് മുജാഹിദുകൾ പറയുന്നത്.

## 6. ‘‘സൃഷ്ടികളുടെ കഴിവിന്നതീതം’’ എന്ന് മുൻകാല പണ്ഡിതരും എഴുതുന്നു.

പ്രാർഥനയുടെ വിശദീകരണത്തിൽ മനുഷ്യ കഴിവിന്നപ്പുറം എന്ന് മാത്രമേ പറയാവൂ എന്നും, സൃഷ്ടികളുടെ കഴിവിന്നപ്പുറം എന്ന് പറയുന്നത് തൗഹീദിനെ അട്ടിമറിക്കലാണ് എന്നുമാണ് സലാം സുല്ലമി 2006 ലെ പുതിയ ഗവേഷണത്തിലൂടെ കണ്ടെത്തിയിരിക്കുക്കുന്നത്. മലക്കിനോടും ജിന്നുകളോടും സഹായം ചോദിക്കുന്നത് അനുവദനീയമാക്കാൻ വേണ്ടി 2006 ൽ ചില ‘‘യുവ മുജാഹിദുകൾ’’ പുതുതായി കണ്ടെത്തിയതാണ് ‘‘സൃഷ്ടികളുടെ കഴിവിന്നപ്പുറം’’ എന്ന നിർവചനം എന്ന നുണ പ്രചരണവും സുല്ലമി നടത്താറുണ്ട്. ഇത് പൂർണ്ണമായും കളവാണെന്നതിന് ചില ഉദാഹരണങ്ങൾ തഴെ കൊടുക്കുന്നു.

1. ‘നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവോട് ചോദിക്കുക’ എന്ന ഹദീസിന്റെ വിശദീകരണത്തിൽ ഇമാം നവവി (റഹ്) എഴുതുന്നു: ‘‘സൃഷ്ടികളുടെ കഴിവിൽപെട്ട കാര്യങ്ങൾ സൃഷ്ടികളോട് ചോദിക്കണം. എന്നാൽ സൃഷ്ടികൾക്ക് കഴിയാത്തതും അല്ലാഹുവിന് മാത്രം കഴിയുന്നതുമായ കാര്യങ്ങൾ അല്ലാഹുവിനോട് തന്നെ ചോദിക്കണം’’.

2. ‘‘ദുആ എന്ന പദം പ്രസ്തുത സംബോധനത്തിന് (സൃഷ്ടികളുടെ കഴിവിന് അപ്പുറമുള്ള സംഗതികൾക്ക് വേണ്ടിയുള്ള സംബോധനത്തിന്) ഭാഷയിൽ നിശ്ചയിച്ചിട്ടില്ല എന്ന് സങ്കൽപിച്ചാൽ തന്നെയും മതപരമായി നോക്കിയാൽ ‘ദുആ’ എന്ന പദം പ്രസ്തുത സംബോധനത്തിന് വേണ്ടി നിശ്ചയിച്ചിട്ടുള്ളതാണെന്നതിൽ സംശയമില്ലെന്ന് പറയാവുന്നതാണ്.’’ (അത്തൗഹീദ് , പേജ് 58, 1944 ൽ പ്രസിദ്ധീകരിച്ചത്)

3. ‘‘സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണ് പ്രാർഥന’’ (ശബാബ്).

ണെന്ന് കാര്യബോധമുള്ള ആരും പറയില്ല. പ്രവാചകന്മാർ പല കാര്യങ്ങളിലും അനുചരന്മാരോട് സഹായസഹകരണങ്ങൾ ചോദിച്ചിട്ടുണ്ട്. അതും പ്രാർഥനയല്ല. സൃഷ്ടികൾക്ക് നല്കപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണ് പ്രാർഥന. ഈ പ്രാർഥന അല്ലാഹു അല്ലാത്ത ആരിലേക്കും പ്രവാചകന്മാർ തിരിച്ചുവിട്ടിട്ടില്ല. തിരിച്ചുവിടാൻ നിർദേശിച്ചിട്ടുമില്ല.

(ശബാബിലെ ചോദ്യോത്തര പക്തി ക്രോഡീകരിച്ച് കൊണ്ട് 2005 മേയിൽ മടവൂർ വിഭാഗത്തിന്റെ യുവത ബുക് ഹൗസ് പുറത്തിറക്കിയ, ‘‘നിത്യ ജീവിതത്തിലെ ഇസ്‌ലാമിക നിയമങ്ങൾ സംശയവും മറുപടിയും’’ എന്ന പുസ്തകത്തിലെ പ്രസ്തുത ഭാഗം (പേജ് 36) സ്കാൻ ചെയ്തത്.)

## 7. ‘‘സൃഷ്ടികളുടെ കഴിവിന്നപ്പുറവും’’ ശബാബിന്റെ നുണ പ്രചരണവും

2008 ജനുവരി 4 ലെ ശബാബിൽ സലാം സുല്ലമിയുടെ ‘‘മനുഷ്യകഴിവിന്റെ പരിധിയും പ്രാർഥനയുടെ നിർവചനവും’’ എന്ന ഒരു ലേഖനമുണ്ട്. സുന്നി പണ്ഡിതന് മറുപടി പറയുന്ന ഇസ്‌ലാഹ് മാസികയിലെ ലേഖനങ്ങളിൽ നിന്നും ചില പരാമർശങ്ങൾ സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത്, മലക്കുകളോടും ജിന്നിനോടും സഹായം ചോദിക്കാമെന്നാണു ഇസ്‌ലാഹിന്റെ വാദം എന്ന് തെറ്റിദ്ധരിപ്പിക്കാൻ ഈ ലേഖനത്തിൽ അദ്ദേഹം ശ്രമിക്കുന്നുണ്ട്. സലാം സുല്ലമിയുടെ പ്രസ്തുത ലേഖനത്തിന്റെ ആദ്യഭാഗം താഴെ കൊടുക്കുന്നു:

‘‘അബ്ദുസ്സലാം സുല്ലമി ഇടക്കാലത്ത് എഴുതിക്കൂട്ടിയ അബദ്ധങ്ങളാണു മുജാഹിദുകളുടെ പഴയ വാദമെന്ന് സമർഥിക്കാനാണ് (അമ്പലക്കടവ്) ഫൈസി ശ്രമിക്കുന്നത്. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പഴയകാല നേതാക്കൾ എഴുതിയ ഒരു ഉദ്ദരണിയും പഴയകാല മുജാഹിദ് വാദം സ്ഥാപിക്കാൻ ഫൈസി കൊണ്ട് വന്നിട്ടില്ല. എങ്കിലല്ലേ അതിന് വിരുദ്ധമായി പുതിയത് കൊണ്ടു വന്നുവെന്ന് ഫൈസിക്ക് വാദിക്കാൻ കഴിയൂ. സുല്ലമിയെ ഏറ്റവും വലിയ തൗഹീദ് ഗവേഷണ പണ്ഡിതനായി ഫൈസി ഉയർത്തിക്കാട്ടിയത് കൊണ്ടൊന്നും സുല്ലമിയുടെ വാദം മുജാഹിദുകളുടെ വാദമാകുകയില്ല. (കെ.കെ.സകരിയ്യ സ്വലാഹി, ഇസ്‌ലാഹ് മാസിക, 2007 മാർച്ച് , പേജ് 5)

ഇസ്‌ലാഹ് മാസികയിൽ വന്ന ചില ഉദ്ധരണികൾ നോക്കുക:

1. ‘‘സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണു പ്രാർഥന’’ (എം പി എ ഖാദർ കരുവമ്പൊയിൽ, ഇസ്‌ലാഹ് മാസിക 2007 ഏപ്രിൽ പേജ് 10)
2. ‘‘മറഞ്ഞ മാർഗ്ഗം/അഭൗതിക മാർഗ്ഗം എന്ന് പറഞ്ഞാൽ കാര്യകാരണ ബന്ധങ്ങൾക്കപ്പുറമുള്ള മാർഗ്ഗം അഥവാ സൃഷ്ടികളുടെ കഴിവിന്നപ്പുറത്തുള്ളത് എന്നാണ് അർഥം’’ (സകരിയ്യ സ്വലാഹി, ഇസ്‌ലാഹ് മാസിക, 2006, ഡിസമ്പർ, പേജ് 4)
3. ‘‘പകൽ വെളിച്ചത്തിൽ വിജനമായ മരുഭൂമിയിലൂടെ വഴിയറിയാതെ നടന്നു നീങ്ങുന്ന ഒരാൾ......പടപ്പുകളേ എന്നെ സഹായിക്കണേ, എനിക്ക് വഴി കാണിച്ച് തരണേ എന്ന് ഉച്ചത്തിൽ വിളിച്ച് പറയുന്നു എങ്കിൽ അഭൗതിക മാർഗ്ഗത്തിലുള്ള സഹായതേട്ടം അതിലില്ല’’ (അബ്ദുൽ ജബ്ബാർ മൗലവി, ഇസ്‌ലാഹ് , 2007 ഏപ്രിൽ, പേജ് 42) ’’

തുടർന്ന് സലാം സുല്ലമി, ‘‘മനുഷ്യ കഴിവിന്നതീതമായ കാര്യങ്ങൾ’’, ‘‘മനുഷ്യാതീതമായ കാര്യങ്ങളിൽ’’, ‘‘മനുഷ്യ കഴിവിൽപ്പെടാത്ത കാര്യങ്ങളിൽ’’ എന്നിങ്ങനെ പ്രാർഥനയെ വിശദീകരിച്ച, കുഞ്ഞീത് മദനി എഴുതിയ അല്ലാഹുവിന്റെ ഔലിയാക്കൾ എന്ന പുസ്തകത്തിലേയും, ഉമർ മൗലവി (റ) യുടെ ഫാതിഹയുടെ തീരത്ത് എന്ന പുസ്തകത്തിലേയും, മദ്രസാ പാഠപുസ്തകത്തിലെയും ഉദ്ദരണികൾ എഴുതുന്നു. എന്നിട്ട് സലാം സുല്ലമി ചോദിക്കുന്നു:

മനുഷ്യകഴിവിന് അതീതമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മലക്കുകളോടും ജിന്നുകളോടും അവരുടെ കഴിവിൽപെട്ട കാര്യങ്ങളിൽ സഹായം തേടിയിരുന്ന എത്ര മുജാഹിദുകളാണ് പഴയകാലത്ത് ഉണ്ടായിരുന്നത്? മരണപ്പെട്ടവർ അദൃശ്യലോകത്താണ്. മലക്കുകളും ജിന്നുകളും ഭൗതികലോകത്ത് നമുക്ക് ചുറ്റും ജീവിക്കുന്നവരാണ്. അതിനാൽ മരണപ്പെട്ടവരെ വിളിച്ച് സഹായം തേടുവാൻ പാടില്ല. മലക്കുകളെയും ജിന്നുകളെയും വിളിച്ച് സഹായം തേടാം. അത് ശിർക്കും കുഫ്റുമല്ല എന്ന് പഴയകാല മുജാഹിദുകളിൽ ആരെല്ലാമാണ് വാദിച്ചിരുന്നത്? നവയാഥാസ്ഥിതികർ മറുപടി പറയുമോ?

(വലുതായി എടുത്ത് കൊടുത്തിട്ടുള്ള സുല്ലമിയുടെ ചോദ്യങ്ങൾ സ്കാൻ ചെയ്തത്)

8. സലാം സുല്ലമി ശിർക്കാരോപിക്കാൻ വേണ്ടി നടത്തുന്ന തട്ടിപ്പുകൾ

ഇവിടെ സലാം സുല്ലമി സത്യവും അസത്യവും കൂട്ടിക്കലർത്തി, ഔദ്യോഗിക വിഭാഗം മുജാഹിദുകളിൽ ശിർക്ക് ആരോപിക്കാനുള്ള ഗൂഡ ശ്രമമാണു നടത്തിയിരിക്കുന്നത്. സലാം സുല്ലമി ശബാബിൽ എടുത്ത് കൊടുത്തിട്ടുള്ള മൂന്ന് ഉദ്ദരണികളും, സുന്നി പണ്ഡിതനായ അമ്പലക്കടവു ഫൈസി മലക്കുകളുടെയും ജിന്നുകളുടെയും സഹായത്തെക്കുറിച്ച് പരാമർശിച്ച ആയത്തുകളും ഹദീസുകളും എഴുതി, പ്രാർഥനയുടെ നിർവചനത്തെ തകിടം മറിക്കാൻ ശ്രമിച്ചപ്പോൾ അവർക്ക് മറുപടി കൊടുത്ത ലേഖനങ്ങളിൽ ഉള്ളതാണ്. ഇതിൽ ഒന്നാമതായി കൊടുത്ത ''സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണു പ്രാർഥന'' എന്ന ഉദ്ദരണി, ശബാബിൽ 1999 ൽ എഴുതിയ വാചകത്തിന്റെ തനിപ്പകർപ്പാണ്.

ആദ്യ രണ്ട് ഉദ്ദരണികളിലേയും സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന്നപ്പുറം എന്ന ഭാഗം ചൂണ്ടിക്കാട്ടി, ഇത് മലക്കിനോടും ജിന്നിനോടും സഹായം തേടാം എന്നതിന്ന് തെളിവായെഴുതിയതാണെന്ന് തെറ്റിദ്ധരിപ്പിച്ച്, മുജാഹിദുകളെ മുശ്‌രിക്കാക്കാണുള്ള പരിഹാസ്യമായ ശ്രമമാണു സുല്ലമി നടത്തുന്നത്. എന്നാൽ, ഇതേ വാചകം എഴുതിയ ശബാബോ, യുവത ബൂക്ക് ഹൗസോ, മടവൂർ വിഭാഗം പണ്ഡിതരോ, ശിർക്ക് പ്രചരിപ്പിക്കുകയാണെന്ന് സലാം സുല്ലമി എവിടെയും എഴുതുന്നുമില്ല.

മൂന്നാമത്തെ ഉദ്ദരണിയിലെ ''അതിൽ അഭൗതികതയില്ല'' എന്ന ഭാഗവും മലക്കിനോടും ജിന്നിനോട് പ്രാർഥിക്കാനുള്ള തെളിവായി എഴുതിയതല്ല എന്നും, ഇതിനേക്കാൾ അപകടകരം എന്ന് (സലാം സുല്ലമിയുടെ ഭാഷയിൽ) വിശേഷിപ്പിക്കാവുന്ന ''അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ സധ്യതയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവു നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല'' എന്ന വരികൾ ശബാബിൽ എഴുതിയിട്ടുണ്ടെന്നും, ശബാബിലെ ഈ ലേഖനം പുസ്തക രൂപത്തിലാക്കി മടവൂർ വിഭാഗം ഇപ്പോഴും വിറ്റ് കൊണ്ടിരിക്കുന്നു എന്നും, എന്റെ ലേഖനം 1 ൽ (ഫാക്റ്റ്.010) സവിസ്തരം പ്രതിവാദിച്ചിട്ടുണ്ട്. അതിവിടെ വീണ്ടും ആവർത്തിക്കുന്നില്ല.

9. മുകളിൽ കൊടുത്ത സലാം സുല്ലമിയുടെ കുതന്ത്ര ചോദ്യങ്ങൾക്കുള്ള മറുപടി

ശിർക്കാരോപിക്കാൻ വേണ്ടി സലാം സുല്ലമി നടത്തുന്ന വഞ്ചനാപരമായ ചോദ്യങ്ങൾക്കുള്ള മറുപടി വളരെ ലളിതമാണ്. ചോദ്യവും മറുപടിയും ശ്രദ്ധിക്കുക:

ചോദ്യം: മനുഷ്യ കഴിവിന് അതീതമായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മലക്കുകളോടും ജിന്നുകളോടും അവരുടെ കഴിവിൽ പെട്ട കാര്യങ്ങളിൽ സഹായം തേടിയിരുന്ന എത്ര മുജാഹിദുകളാണു പഴയ കാലത്ത് ഉണ്ടായിരുന്നത്?.
ഉത്തരം: മലക്കുകളോടും ജിന്നുകളോടും സഹായം തേടിയിരുന്ന മുജാഹിദുകൾ പഴയ കാലത്തുണ്ടായിരുന്നില്ല, ഇപ്പോഴുമില്ല. ഇപ്പോഴുള്ള ഏതെങ്കിലും മുജാഹിദ് പണ്ഡിതൻ അങ്ങിനെ മലക്കിനോടോ ജിന്നിനോടോ സഹായം തേടാമെന്ന് എഴുതിയതായി ഒരു വരി പോലും ഉദ്ദരിക്കാൻ സലാം സുല്ലമിക്ക് ഇത് വരെ കഴിയാതിരുന്നത്, അങ്ങിനെ ഒരു വിശ്വാസം മുജാഹിദുകൾക്ക് ഇല്ലാത്തത് കൊണ്ട് തന്നെയാണ്.

ചോദ്യം: മലക്കുകളെയും ജിന്നുകളെയും വിളിച്ച് സഹായം തേടാം. അത് ശിർക്കും കുഫ്റുമല്ല എന്ന് പഴയ കാല മുജാഹിദുകളിൽ ആരെല്ലാമാണ് വാദിച്ചിരുന്നത്.?
ഉത്തരം: ആരും വാദിച്ചിരുന്നില്ല. ഇപ്പോഴും ആരും വാദിക്കുന്നുമില്ല. ഇപ്പോൾ അങ്ങിനെ ആരെങ്കിലും വാദിക്കുന്നതായി തെളിയിക്കുന്ന ഒരു വരി പോലും ഉദ്ദരിക്കാൻ സലാം സുല്ലമിക്ക് ഇത് വരെ കഴിഞ്ഞിട്ടില്ല, ഇനി കഴിയുകയുമില്ല.

വിചിന്തനത്തിലേയും ഇസ്‌ലാഹിലെയും ഉദ്ദരണികൾ എടുത്തെഴുതി, ഔദ്യോഗിക വിഭാഗം പണ്ഡിതർ മലക്കിനോടും ജിന്നിനോടും സഹായം തേടുന്നത് ശിർക്കാണെന്ന് വിശ്വസിക്കുന്നവരാണ് എന്ന് എന്റെ കഴിഞ്ഞ ലേഖനത്തിൽ (ലേഖനം.2 / ഫാക്റ്റ്.011) വ്യക്തമാക്കിയിരുന്നു. സാക്ഷാൽ സലാം സുല്ലമി ''പിശാചിനോട് രക്ഷതേടാം'' എന്ന രൂപത്തിൽ അദ്ദേഹത്തിന്റെ പുസ്തകത്തിലെഴുതിയപ്പോൾ അത് തിരുത്താൻ അദ്ദേഹത്തെ വിചിന്തനം വാരിക ഉപദേശിച്ചതും എന്റെ കഴിഞ്ഞ ലേഖനത്തിൽ ഉദ്ദരിച്ചിരുന്നു. അത് ഇവിടെ വീണ്ടും ആവർത്തിക്കുന്നില്ല.

10. സലാം സുല്ലമിയുടെ വഞ്ചനയുടെ ആഴം തിരിച്ചറിയുക

ശബാബിലെ ലേഖനം മുഴുവനായി വായിക്കാത്തവരെയും വായിച്ച് നോക്കിയിട്ടും എന്താണ് സലാം സുല്ലമി ഉദ്ധേശിക്കുന്നത് എന്ന് മനസ്സിലാകാത്ത പ്രവർത്തകർരെയും തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ് സലാം സുല്ലമി ലേഖനത്തിന്റെ അവസാന ഭാഗത്ത് എഴുതിയ ചോദ്യങ്ങൾ വലുതായി കോളത്തിനകത്ത് എടുത്ത് കൊടുത്തിരിക്കുന്നത്. ഇത് മാത്രം വായിക്കുന്ന സധാരണ മടവൂർ വിഭാഗം പ്രവർത്തകർ വിചാരിക്കുക, ഔദ്യോഗിക വിഭാഗം പണ്ഡിതർ മലക്കിനോടും ജിന്നിനോടും സഹായം ചോദിക്കാം എന്നെഴുതിയ ധാരാളം ഉദ്ദരണികൾ സുല്ലമിയുടെ പ്രസ്തുത ലേഖനത്തിലുണ്ടായിരിക്കും എന്നാണ്. അങ്ങിനെ അവരുടെ മനസ്സിൽ മുജാഹിദ് പണ്ഡിതർ ശിർക്കിലേക്ക് പോയിരിക്കുന്നു എന്ന തെറ്റായ സന്ദേശം നൽകുന്നതിൽ സലാം സുല്ലമി വിജയിക്കുകയും ചെയ്യും. ഇങ്ങിനെയുള്ള കള്ളത്തരങ്ങൾ ഒരു പണ്ഡിതന് ചേർന്നതാണൊ എന്ന് വായനക്കാർ വിലയിരുത്തുക.

മുകളിൽ കൊടുത്ത ഇസ്ലാഹിലെ മൂന്ന് ഉദ്ദരണികളും മലക്കിനോടും ജിന്നിനോടും സഹായം തേടാമെന്നതിന്നുള്ള തെളിവായി എഴുതിയല്ല എന്നും, അതിൽ അങ്ങിനെ ഒരു ആശയം ഇല്ല എന്നും നാം കണ്ടു. മലക്കിനോടും ജിന്നിനോടും സഹായം ആവശ്യപ്പെടാമെന്ന് ഇസ്‌ലാഹിൽ എഴുതിയതായി ഒരു വരി പോലും ഉദ്ദരിക്കുവാൻ പ്രസ്തുത ലേഖനത്തിൽ സുല്ലമിക്ക് കഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ, വലുതായി എടുത്ത് എഴുതിയ ചോദ്യത്തിലൂടെ, ലേഖനത്തിൽ സ്ഥാപിക്കാൻ കഴിയാത്ത ഒരു വലിയ കള്ള ആരോപണമാണു സലാം സുല്ലമി ഉന്നയിക്കുന്നത്. ''ഏറ്റവും വലിയ ഹദീസ് പണ്ഡിതൻ'' കാണിക്കുന്ന വഞ്ചനയുടെ ആഴം വായനാക്കാർ മനസ്സിലാക്കുക.

11. ഇതേ വ്യാജ ആരോപണം ശബാബ് പലപ്പോഴും ആവർത്തിക്കുന്നു

''സൃഷ്ടിയുടെ കഴിവിന്നതീതം'' എന്ന വാചകം ദുർവ്യാഖ്യാനം നടത്തിയും കളവുകൾ കൂട്ടിച്ചേർത്തും മുജാഹിദ് പണ്ഡിതരിൽ ശിർക്ക് ആരോപിക്കാനുള്ള ശ്രമം നിരവധി ലേഖനങ്ങളിൽ സലാം സുല്ലമി നടത്തുന്നുണ്ട്. ഉദാഹരണമായി, മുകളിൽ ഏഴാം നമ്പറിൽ കൊടുത്ത മൂന്ന് ഉദ്ദരണികൾ മാത്രം എഴുതിയ ശേഷം, 2008 ജനുവരി 18 ലെ ശബാബിലും (പേജ് 10) സുല്ലമി ശിർക്ക് ആരോപണം ആവർത്തിക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ വ്യാജ ശിർക്ക് ആരോപണത്തിന് വിരുദ്ധമായ ''മലക്കിനോടോ മനുഷ്യനോടോ ജിന്നിനോടോ അഭൗതിക മാർഗത്തിൽ സഹായം ചോദിക്കാമെന്ന് ഇസ്‌ലാഹ് മാസികയിൽ എഴുതിയത് തെളിയിക്കാമോ? (അമ്പലക്കടവ് ഫൈസിയും അനുയായികളും മറുപടി പറയുമോ, ഇസ്ലാഹ് മാസിക, 2007 ജൂൺ, പേജ് 32)'' എന്ന ഉദ്ധരണിയും ഇതേ ലേഖനത്തിൽ തന്നെ അദ്ദേഹം എഴുതിയിരിക്കുന്നു എന്നതാണ് കൗതുകകരമായ കാര്യം.!!

12. ബുഖാരിയിലെയും മുസ്‌ലിമിലെയും മുഴുവൻ ഹദീസുകളും സ്വഹീഹല്ല എന്ന് സുല്ലമി വാദിക്കുന്നുണ്ടോ.?

സലാം സുല്ലമിയെന്ന ''വലിയ ഹദീസ് പണ്ഡിതൻ'' ഇവിടെ നടത്തിയ വഞ്ചന ഒരു ഉദാഹരണത്തിലൂടെ നമുക്ക് മനസ്സിലാക്കാം. ജമാഅത്തെ ഇസ്‌ലാമിയുടെ വാരികയായ പ്രബോധനം 2007 ൽ പുറത്തിറക്കിയ ഹദീസ് പതിപ്പിൽ, ''വിമർശന വിധേയമായ ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും'' എന്ന സലാം സുല്ലമിയുടെ ഒരു ലേഖനമുണ്ട്. ഏഴ് പേജുള്ള ഈ ലേഖനത്തിൽ, ബുഖാരിയിലെയും മുസ്‌ലിമിലെയും ഡസൻ കണക്കിന് ഹദീസുകൾ ദുർബലമാണെന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീസുകളെ ദുർബലപ്പെടുത്തുവാൻ മാത്രം വലിയ ഹദീസ് പണ്ഡിതനാണ് താൻ എന്ന് ജമാഅത്ത് പ്രവർത്തകരെക്കൂടി ബോധ്യപ്പെടുത്താൻ വേണ്ടിയാണൊ അദ്ദേഹം ഇങ്ങിനെ ഒരു ലേഖനം എഴുതിയത് എന്ന് വ്യക്തമല്ല.

ബുഖാരിയിലെയും മുസ്‌ലിമിലെയും ധാരാളം ഹദീസുകളെ ദുർബലപ്പെടുത്തിയതിനെ സുല്ലമി ഇതിൽ ന്യായീകരിക്കുന്നുമുണ്ട്. ''ചുരുക്കത്തിൽ, ഹദീസുകൾ തന്നെ പ്രമാണമല്ലെന്ന് വാദിക്കലും വിശ്വസിക്കലുമാണ് ഹ്‌ദീസ് നിഷേധം''. ചേകനൂർ മൗലവി മാത്രമാണ് ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഹദീസ് നിഷേധിയാവുന്നുള്ളൂ.

(ലേഖനത്തിന്റെ തല വാചകം സ്കാൻ ചെയ്ത് താഴെ കൊടുക്കുന്നു).

എ. അബ്ദുസ്സലാം സുല്ലമി

## വിമർശനവിധേയമായ ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും

പ്രബോധനം
ഹദീസ് പതിപ്പ് 2007

ഈ ലേഖനത്തെ വിമർശിച്ച് കൊണ്ട് ''സലാം സുല്ലമി ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീസുകൾ ദുർബലപ്പെടുത്തുന്നു'' എന്ന ഒരു ലേഖനം ഔദ്യോഗിക വിഭാഗം മുജാഹിദ് വാരികയായ വിചിന്തനത്തിൽ എഴുതുന്നു എന്ന് കരുതുക. അഹ്‌ലുസ്സുന്നയിലെ പണ്ഡിതർ ഐക്യ കണ്ഠേന സ്വഹീഹായി അംഗീകരിച്ചതും, സലാം സുല്ലമി ദുർബലപ്പെടുത്തിയതുമായ ബുഖാരിയിലെയും മുസ്‌ലിമിലെയും ധാരാളം ഹദീസുകളെക്കുറിച്ച് അതിൽ ചർച്ച ചെയ്യുന്നു. എന്നിട്ട് വിചിന്തനത്തിലെ ലേഖനത്തിന്റെ മുകളിൽ താഴെ കൊടുത്ത ചോദ്യം പെട്ടി കോളത്തിനകത്ത് വലുതായി എഴുതുന്നു എന്നും കരുതുക.

> പഴയകാല മുജാഹിദ് പണ്ഡിതരിൽ ആരൊക്കെയാണ് ബുഖാരിയിലെയും മുസ്‌ലിമിലെയും **''മുഴുവൻ''** ഹദീസുകളും സ്വഹീഹല്ല എന്ന് എഴുതിയുട്ടുള്ളത്.?. ബുഖാരിയിലും മുസ്‌ലിമിലുമുള്ള ഹദീസുകൾ കൊണ്ട് അമൽ ചെയ്താൽ അതിന് യാതൊരു പ്രതിഫലവും ലഭിക്കുകയില്ല എന്നെഴുതിയ പഴയകാല മുജാഹിദ് പണ്ഡിതർ ആരൊക്കെയാണ്.?. മടവൂർ വിഭാഗം പണ്ഡിതർ മറുപടി പറയൊമോ.?.

ഇവിടെ വിചിന്തനം ലേഖകൻ (സാങ്കൽപിക ലേഖനത്തിൽ) കാണിച്ച വഞ്ചനയെന്താണെന്ന് വായനക്കാർക്ക് ബോധ്യപ്പെട്ടു കാണും. യഥാർത്ഥത്തിൽ, വിചിന്തനം ലേഖനത്തിൽ ചർച്ച ചെയ്യുന്നത് സലാം സുല്ലമി ബുഖാരിയിലെയും മുസ്‌ലിമിലെയും ''ചില'' ഹദീസുകൾ ദുർബലപ്പെടുത്തിയതിനെക്കുറിച്ചാണ്. എന്നാൽ കോളത്തിനകത്ത് വലുതായി എഴുതിയ ചോദ്യങ്ങൾ മാത്രം വായിക്കുന്ന ഒരാൾ വിചാരിക്കുക, സലാം സുല്ലമി ''ബുഖാരിയിലെയും മുസ്‌ലിമിലെയും **മുഴുവൻ** ഹദീസുകളും ദുർബലപ്പെടുത്തി'' എന്നും, ഇസ്‌ലാമിക വിരുദ്ധമായ പിഴച്ച ആശയങ്ങൾ അദ്ദേഹം പ്രബോധനം വാരികയിൽ എഴുതി പ്രചരിപ്പിക്കുകയാണെന്നുമാണ്.

ഇങ്ങിനെ ലേഖനത്തിൽ തെളിയിക്കാത്ത വ്യാജ ആരോപണവും വഞ്ചനയും നടത്താൻ ശബാബിനും, മടവൂർ വിഭാഗം പണ്ഡിതർക്കും മാത്രമല്ല, പരലോകം പ്രസംഗിക്കാൻ മാത്രമുള്ളതാണെന്ന് വിശ്വസിക്കുന്ന ആർക്കും കഴിയും.

സത്യവും അസത്യവും കൂട്ടിക്കലർത്തിയും, നുണ പ്രചരണം നടത്തിയും **ഈമാനുള്ള മുസ്‌ലിങ്ങൾക്കെതിരിൽ** ശിർക്കും കുഫ്‌റും ആരോപിക്കുന്ന പണ്ഡിതൻമാരുടെ കെടുതികളിൽ നിന്നും എല്ലാ **മുസ്‌ലി**ങ്ങളെയും അല്ലാഹു കാത്ത് രക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. (ആമീൻ)

**നാസർ പാലക്കാട്**

(തുടരും)